








മന്ത്രി കെ.വി. തോമസിന്

കാസർകോട്ടെ എൻഡോസൾഫാൻ ഇരകളുടെ

# അമ്മമാർ സമർപ്പിക്കുന്ന സങ്കടഹർജി

ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ കെ.വി. തോമസ് അവർകളുടെ സമക്ഷത്തിങ്കലേയ്ക്ക്, കാസർകോട്ടെ എൻഡോസൾഫാൻവിഷ ബാധയേറ്റ് നിത്യരോഗികളായിത്തീർന്ന മക്കളെ സാക്ഷി നിർത്തി ഞങ്ങൾ അമ്മമാർ ഈ സങ്കട ഹരജി സമർപ്പിക്കുന്നു.

പന്ത്രണ്ട് നദികളാലും സഹ്യപർവ്വതനിരകൾക്ക് കീഴിലെ വനസമ്പത്തിനാലും അനുഗ്രഹീതമായ ഞങ്ങളുടെ അയ്യായിരം ഹെക്ടർ ഭൂമിയിൽ സർക്കാറിന്റെ കൃഷി വകുപ്പിന്റെ കീഴിലുള്ള കേരള പ്ലാന്റേഷൻ കോർപ്പറേഷൻ, എൻഡോസൾഫാൻ എന്ന പേരിലുള്ള ഒരേ മാരക കീടനാശിനി ഏതാണ്ട് ഇരുപത്തിരണ്ട് വർഷം തുടർച്ചയായി തളിച്ചു. വളരെയധികം ജലസ്രോതസ്സുള്ള ഈ മണ്ണിൽ ആകാശത്ത് നിന്ന് ഹെലികോപ്ടർ വഴിയാണിത് തളിച്ചത്. കീടനാശിനി നിയമത്തിൽ പറയുന്ന വ്യവസ്ഥകളൊന്നും അവർ പാലിച്ചില്ല എന്ന് സർക്കാർ അന്വേഷണ സംഘങ്ങൾ തന്നെ കണ്ടെത്തിയതാണ്. ഞങ്ങളുടെ ശുദ്ധ ജലസംഭരണികളായ കിണറുകളും കുളങ്ങ ളും മൂടാതെ, ഒരു സമയനിബന്ധനയും പാലിക്കാതെ, വളരെ കൂടിയ ഉയരത്തിൽ നിന്ന് അവ ഞങ്ങളുടെ കന്നിമണ്ണിന്മേലെ പാറ്റി അവർ. ഈ നദികളുടെ തീരങ്ങളിൽ കഴിയുന്ന പാവപ്പെട്ടവരായ ഞങ്ങളുടെ കൂരകളിലും മുറ്റങ്ങളിലും കിണറുകളിലും ആ വിഷധൂളി അലിഞ്ഞു ചേർന്നു. ഞങ്ങളുടെ മണ്ണ് വിഷം കുടിച്ചു. ഞങ്ങൾ ഗർഭം ധരിച്ച കുട്ടികൾ ജനിതക വൈകല്യങ്ങളോടെ പിറന്നു. ഞങ്ങളുടെ രക്തത്തിൽ ഡോക്ടർമാർ എൻഡോസൾഫാന്റെ അംശങ്ങൾ കണ്ടെത്തി. എൻഡോസൾഫാൻ ശരീരത്തിൽ പ്രവേശിച്ചാൽ വരാൻ സാധ്യതയുണ്ടെന്ന് ആരോഗ്യ ശാസ്ത്രം തന്നെ വ്യക്തമാക്കിയിട്ടുള്ള നാഡീസംബന്ധമായ തകരാറുകളാലും ബുദ്ധി വൈകല്യത്താലും പ്രത്യുൽപാദന ന്യൂനതകളാലും ഞങ്ങളുടെ മക്കൾ നരകയാതനയിലാണ്. സർക്കാറിന്റെ ആരോഗ്യവകുപ്പ് തന്നെ ഈ ചെറിയ പ്രദേശ









ത്ത് ഇത്തരം തകരാറുകളാൽ വിഷമിക്കുന്ന രണ്ടായിരത്തിലധികം രോഗികളെ കണ്ടെത്തിയിട്ടുണ്ട്. ഇത് സംസ്ഥാന ശരാശരിയെക്കാൾ എത്രയോ കൂടുതലാണ്. ഇവരിൽപെട്ടവരാണ് ഞങ്ങളുടെ ആ മക്കൾ. കണ്ണിന് കാഴ്ചയില്ലാതെയും ശരീരത്തിനും മനസിനും വളർച്ചയില്ലാതെയും മേലാസകലം ചൊറിഞ്ഞ് വ്രണം വെച്ചും നരകിക്കുന്ന, മറ്റുള്ളവരുടെ മുമ്പിൽ അപഹാസ്യമാംവിധം ജീവിക്കുന്ന, ഈ മക്കളുടെ ദയനീയ മുഖം അങ്ങ് കാണുന്നില്ലെ? ഈ മക്കൾക്ക് ഇനിയും എത്ര കാലം ദൈവം ജീവിതം തരുമെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പക്ഷെ ഒന്നറിയാം. എൻഡോസൾഫാൻ ഞങ്ങളുടെ മക്കളെ ഇഞ്ചിഞ്ചായി കൊന്ന് കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പതിനഞ്ച് വർഷത്തിനുള്ളിൽ അഞ്ഞൂറോളം ആളുകൾ ഇത്തരം രോഗങ്ങളിൽ മരണമടഞ്ഞതായും സർക്കാറിന്റെ ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട് . അത് കൊണ്ട് മരണം ഞങ്ങളുടെ മക്കളുടെ മുന്നിൽ തന്നെയുണ്ട്. ഇനിയുള്ള കാലമെങ്കിലും അവർക്ക് വിഷം തീണ്ടിയിട്ടില്ലാത്ത ഈ മണ്ണിൽ, ഫലങ്ങൾ ഭക്ഷിച്ചും വെള്ളം കുടിച്ചും കഴിയണം. അതിനാൽ ഇരുപത്തിരണ്ട് വർഷം ഇവിടെ തളിച്ച വിഷരാക്ഷസനായ എൻഡോസൾഫാനെ ഈ മണ്ണിലേയ്ക്ക് തിരിച്ചു വരാതിരിക്കാൻ അങ്ങ് സഹായിക്കണം. ഇന്ത്യാ ഗവൺമെന്റ് പൊതുമേഖലയിൽ ഈ കീടനാശിനി ഉൽപാദിപ്പിച്ച് ലോകത്തിന് വിൽക്കുന്നുണ്ടെന്ന് മാത്രമല്ല, കേന്ദ്ര സർക്കാറിന്റെ ഉദ്യോഗസ്ഥന്മാർ ഇതിന് നിരോധനമില്ലെന്ന് വരുത്തിത്തീർക്കാനും ശ്രമിക്കുന്നു. കഴിഞ്ഞ പത്ത് വർഷമായി എൻഡോസൾഫാനെതിരെ ഞങ്ങൾ ചെയ്ത സമരത്തിന്റെ ഫലമായാണ് കോടതി ഇതിന് നിരോധനം തന്നത്. നിരോധനം നീക്കി വീണ്ടും എൻഡോസൾഫാൻ ഇവിടേയ്ക്ക് തിരിച്ചു വന്നാൽ ഞങ്ങളുടെ ഇനി ജനിക്കാനിരിക്കുന്ന കുഞ്ഞുങ്ങളേയും അത് ബാധിക്കും. ഇക്കഴിഞ്ഞ ദിവസങ്ങളിലൊന്നിലാണ് ഗ്വാളീമുഖയിലെ റാബിയ എന്ന പെൺകുട്ടി മരിച്ചത്. അവളും ഈ വിഷത്തിനിരയായി ഇരുപത്തിരണ്ട് വർഷം നരകിച്ചു. അവളുടെ ഇരുപത്തി ഒന്ന് വയസായ അനുജനും രോഗിയായി വീട്ടിൽ കിടപ്പിലാണ്. കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ ഈ മക്കളെപ്പോലെ അഞ്ച് എൻഡോസൾഫാൻ ഇരകളാണ് ഈ ലോകത്തോട് വിട പറഞ്ഞത്. അതിൽ മുന്ന് വയസ് പോലും പൂർത്തിയായിട്ടില്ലാത്ത ഒരു പെൺകുട്ടിയുമുണ്ട്.

ആയതിനാൽ ഇന്ത്യ അത് ഉത്പാദിപ്പിക്കുന്നു എന്ന ഒറ്റകാരണത്താൽ ഈ കീടനാശിനിയെ കുറ്റമറ്റതാക്കി ലോകത്തിന്റെ മുമ്പിൽ നാം നാണം കെടരുത്. കഴിഞ്ഞവർഷം റോമിലും ഈ വർഷം ജനീവയിലും വെച്ച് നടന്ന ലോകകീടനാശിനി റിവ്യൂ കമ്മിറ്റിയിൽ ഇരുപത്തിആറോളം രാഷ്ട്രങ്ങൾ ഈ കീടനാശിനിയെ നിരോധിക്ക ണമെന്ന് വാദിച്ചപ്പോൾ ഇന്ത്യ മൗനം പാലിച്ചുകൊണ്ട് എൻഡോസൾഫാന് വേണ്ടി നിലകൊണ്ടത് ഞങ്ങളെ ഞെട്ടിച്ചു. അങ്ങ് ഞങ്ങളുടെ മക്കളുടെ മുഖത്തേയ്ക്ക് നോക്കൂ. കാണുന്നില്ലേ ആ വിഷരാക്ഷസന്റെ അടയാളങ്ങൾ? ഇനിയും ശാരീരികവും മാനസികവുമായി ന്യൂനതകളുള്ള കുഞ്ഞുങ്ങളെ മാത്രം ഞങ്ങളുടെ ഗർഭപാത്രങ്ങളിൽ ചുമക്കാൻ വേണ്ടിയാണോ ഒരു രാഷ്ട്രം മുഴുവൻ എൻഡോസൾഫാനെ പിന്താങ്ങുന്നത്?

അരുത് മഹാത്മാവെ അരുത്. ഞങ്ങളുടെ മക്കളെ കണ്ടിട്ട് അങ്ങ്, അങ്ങയുടെ മക്കളേയും മറ്റുള്ളവരുടെ മക്കളേയും ഒന്ന് നോക്കൂ ഞങ്ങളുടെ മക്കളെ ഇങ്ങനെയാക്കിത്തീർത്തത് എൻഡോസൾഫാനെന്നതിന് ഇനിയും തെളിവുകൾ വേണോ?

ഈ അരജീവിതങ്ങളെ കണ്ടിട്ട് താങ്കൾക്ക് എൻഡോസൾഫാൻ അപകടകാരിയല്ലെന്ന് ഇനിയും തോന്നുന്നുണ്ടോ? അങ്ങ് കേന്ദ്രത്തിൽ കേരളത്തെ പ്രതിനിധാനം ചെയ്യുന്ന കൃഷി മന്ത്രിയാണ്. അങ്ങേയ്ക്ക് ഞങ്ങളോട് ധാർമ്മികമായ ഉത്തരവാദിത്വമുണ്ട്. സ്വന്തം ദേശത്തെ ഈ മക്കളെ ഓർത്തെങ്കിലും എൻഡോസൾഫാൻ നിരോധിക്കുന്നതിന് ഇന്ത്യയെ പ്രേരിപ്പിക്കണമെന്നും ഈ മഹാദുരന്തത്തിന് കാരണക്കാരായ പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും കൃഷി വകുപ്പിൽ നിന്നും എൻഡോസൾഫാനുൽപാദകരിൽ നിന്നും ഞങ്ങളുടെ മക്കൾക്ക് നഷ്ടപരിഹാരം വാങ്ങിത്തരണമെന്നും വിനയപുരസ്സരം അങ്ങയോടപേക്ഷിക്കുന്നു. ഈ അമ്മമാരെ കൈവെടിയില്ലെന്ന വിശ്വാസത്തോടെ

**സജിത്ത്, മണികണ്ഠൻ, ചന്ദ്രൻ, സുജാത, സിറാജ് എന്നീ കുട്ടികളുടെ അമ്മമാർ**

**കാർട്ടൂൺ** **വി.എസ്. ഗിരീശൻ**

